بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 02/01/15

## (10 RABI"UL AWWAL 1436 Hijiri U K & MAURITIUS)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറഃ അൽഫാത്തിഹ ഓതിയശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

പരിശുദ്ധ പ്രവാചകൻ ജനിച്ചത് റബീഉൽ അവ്വൽ 12നാകുന്നു. അബ്ദുൽ മുത്വലിബിന്റെ മകൻ അബ്ദുല്ലാഹ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. വഹബിന്റെ മകൾ ആമിനയായിരുന്നു മാതാവ്. ഇത് ആനകലഹ വർഷത്തിലായിരുന്നു. അബീസീനിയക്കാരൻ അബ്റഹ ഒരു സൈന്യത്തിന്റെ തലവനായി മക്കയിലേക്ക് മാർച്ച് നടത്തി. അവരുടെ സഞ്ചാരം ആനപ്പുറത്തായിരുന്നു. ലക്ഷ്യം മക്കയെ ആക്രമിക്കലായിരുന്നു. കഅ്ബയെ തകർക്കലായിരുന്നു പരമലക്ഷ്യം. ആനകളുടെ ആഗമനം അറബികളെ ഭയവിഹ്വലരാക്കി. എന്നാൽ അല്ലാഹു ഒരു പ്രാണികൂട്ടത്തെ അയക്കുകയും അവ അബീസീനിയൻ സൈന്യത്തിനുമേൽ കല്ലുകൾ വർഷിക്കുകയും ചെയ്തു. ഈ സംഭവം അല്ലാഹു (ത) ഒരു ചരിത്ര സംഭവമാക്കി മാറ്റുകയുണ്ടായി. മുഹമ്മദ് (സ) നെ പ്രവാചകനായി നിയോഗിച്ച ശേഷം, അബ്റഹത്നും സൈന്യത്തിനും, തന്റെ ജനനവർഷത്തിൽ എന്തു സംഭവിച്ചു എന്ന്, വെളിപാടിലൂടെ അറിയിക്കുകയുണ്ടായി. ഈ സൂറത്തിന് സൂറഃഅൽഫീൽ എന്നറിയപ്പെടുന്നു. (അധ്യായം 105) അവരുടെ നീച പദ്ധതികളെയും അവരെയും എങ്ങനെയാണ് അല്ലാഹു തകർത്ത് തരിപ്പണമാക്കിയതെന്ന് അതിലൂടെ വിവരിക്കുന്നു.

മാനവചരിത്ര ഗതിയെ മാറ്റുവാനാണ് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ആഗതരായത്. അറേബ്യൻ ഉപദ്വീപിനെയും മുഴുലോകത്തെയും പ്രകാശമാനമാക്കുന്ന പ്രകാശത്തിന്റെ വസന്തകാലമായിരുന്നു അദ്ദേഹത്തിന്റെ ജനനത്തിലൂടെ ലോകം ദർശിച്ചത് !.

ഖുർ ആന്റെ വിവിധ വചനങ്ങളിലൂടെയും, പ്രവാചക വചനങ്ങളിലൂടെയും പ്രവാചകന്റെ മഹിമ നാം മനസ്സിലാക്കുന്നു. അത് ശാരീരിക സൗകുമാര്യമായാലും ശരി വ്യക്തിത്വ മഹിമാ വിലാസമായാലും ശരി. അദ്ദേഹത്തിന്റെ ബാഹ്യ സൗന്ദര്യത്തെ 14-ാം രാവിലെ പൂർണ്ണചന്ദ്രനോടാണ് ഉപമിക്കുന്നത് ! അഥവാ അതിലുപരിയായി ! അദ്ദേഹത്തിന്റെ അനേകം അനുയായികൾ അദ്ദേഹത്തിന്റെ ബാഹ്യശരീര വിവരങ്ങൾ വർണ്ണിച്ചിട്ടുണ്ട്.; അതുപോലെ തന്നെ വ്യക്തിത്വവും ! പ്രവാചകൻ സുന്ദരനായിരുന്നു ! അദ്ദേഹം വെളുത്ത ആളായിരുന്നു ! ആകർഷകമായ വെളുപ്പ്! അദ്ദേഹത്തിന്റെ നെറ്റി നീണ്ടതായിരുന്നു. കൺപുരികങ്ങളുടെ ഇടഭാഗം ആകർഷകമായതായിരുന്നു. ശുദ്ധ വെള്ളികണക്കേ ! അദ്ദേഹത്തിന്റെ നയനങ്ങൾ മനോഹരങ്ങളായിരുന്നു. അദ്ദേഹത്തിന്റെ കൃഷ്ണമണികൾ കറുപ്പായിരുന്നു. അദ്ദേഹത്തിന്റെ മൂക്ക് മൃദുലമായതായിരുന്നു . സുന്ദര വദനമായിരുന്നു അദ്ദേഹത്തിന്റേത്. കട്ടിയുള്ള താടി രോമങ്ങളായിരുന്നു. കഴുത്ത് മനോഹരമായിരുന്നു. കഴുത്ത് നീളം കൂടിയതോ നീളം കുറഞ്ഞതോ ആയിരുന്നില്ല. സൂര്യ പ്രകാശം അദ്ദേഹത്തിൽ പതിച്ചാൽ സ്വർണ്ണം കലർത്തിയ വെള്ളിക്കപ്പ് പോലെ തിളങ്ങുമായിരുന്നു. പ്രവാചകർ (സ) യുടെ ചുമലുകൾ നീണ്ടതും അഴകാർന്നതുമായിരുന്നു. അദ്ദേഹത്തിന്റെ മുടി ഘനം കുറഞ്ഞതോ ചുരുണ്ടതോ ആയിരുന്നില്ല. ചുമലുകളെ തൊട്ടുതൊട്ട് കിടക്കുമായിരുന്നു. ആയിശാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു പ്രവാചകന്റെ അനുഗ്രഹീത മുടി ചെവികൾ കഴിഞ്ഞു കിടക്കുന്നതും ചുമലുകളിൽ എത്താത്ത നിലയിലുമായിരുന്നു. അദ്ദേഹം നീളം കൂടിയ ആളോ നീളം കുറഞ്ഞ ആളോ ആയിരുന്നില്ല.

അനുഗ്രഹീത ദൈവ പ്രവാചകൻ അസാധാരണമായ നിലയിൽ വിനയാന്വിതനായിരുന്നു. സത്യവാനായിരുന്നു; മാന്യനായിരുന്നു; സഹായിയായിരുന്നു. പ്രയാസവസരങ്ങളിൽപ്പോലും അദ്ദേഹം അസാധാരണ ശാന്തത പ്രകടിപ്പിച്ചിരുന്നു. നിരക്ഷരനായിരുന്നെങ്കിലും, വിദ്യ അഭ്യസിച്ചിട്ടില്ലാത്തവനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഏറ്റവും വലിയ അദ്ധ്യാപകൻ ദൈവം തന്നെയായിരുന്നു. തന്റെ ശത്രുക്കളോടു പോലും അദ്ദേഹം മര്യാദ പൂർവ്വം വർത്തിച്ചു. മക്ക കീഴടങ്ങിയ സമയത്ത്, മക്കക്കാർ, ഇസ്ലാമിന്റെ ബദ്ധ ശത്രുക്കളായിരുന്നവർ, അവരിൽ ബഹുഭൂരിഭാഗവും ഇസ്ലാം ആശ്ലേഷിച്ചു. തന്റെ പ്രിയമകൾ സൈനബിനെ വധിച്ചവനും അക്കൂട്ടത്തിലുണ്ടായിരു

ന്നു; പ്രതികാര നടപടി സ്വീകരിക്കേണ്ട ശത്രുവായ അബൂജഹ്ലിന്റെ പുത്രൻ ഇക്രിമയും അക്കൂട്ടത്തിലുണ്ടായിരുന്നു. മക്കാ വിജയം സംഭവിച്ചപ്പോൾ, തന്റെ മകളെ വധിച്ചവൻ തന്റെ കഠിന കഠോരമായ തെറ്റു മനസ്സിലാക്കുകയും, ആത്മാർത്ഥമായ ക്ഷമാപണം അദ്ദേഹത്തോട് നടത്തുകയും ചെയ്തു. അദ്ദേഹം ഇസ്ലാമിന്റെ സത്യത്തെ അംഗീകരിച്ചു. അങ്ങനെ ഒരു മുസ്ലീം ആയി തീർന്നു. ഇസ്ലാമിനോട് കാട്ടിയ അർപ്പണ മനോഭാവവും അദ്ദേഹത്തിന്റെ പശ്ചാത്താപവും പ്രവാചകൻ സ്വീകരിച്ചു. ഔദാര്യത്തോടെ മാപ്പു കൊടുത്തു.

തന്റെ ദൗത്യ പൂർത്തീകരണത്തിൽ പ്രവാചകൻ (സ) ന് ലഭിച്ച ദൈവീക വെളിപാട് **"ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കി തരുകയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും, ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു."** (5:4)

വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അതേ തുടർന്ന്, മുമ്പ് ലഭിച്ച വെളിപാടുകളെ സ്ഥിരീകരിക്കുകയും, ക്രമപ്പെടുത്തുകയും, അവയെ യഥാവിധി ആക്കിതീർക്കുകയും ചെയ്തു. എല്ലാ വെളിപാടുകളുടെയും സംഗ്രഹമാണ് ഇസ്ലാം. സാർവ്വദേശീയ പ്രവാചകനായി മുഹമ്മദ് (സ) നിലനിൽക്കുന്നു. മുഴു ജനതയ്ക്കും വേണ്ടിയുള്ള പ്രവാചകൻ ; അദ്ദേഹം ഏതെങ്കിലും ഒരു പ്രത്യേക വർഗ്ഗത്തിനുവേണ്ടിയുള്ള പ്രവാചകനല്ല; പ്രത്യേക ജനതയ്ക്കു വേണ്ടിയുള്ളവനുമല്ല.; പ്രത്യേക വംശത്തിനുവേണ്ടിയുള്ളവനുമല്ല. മുൻ കഴിഞ്ഞ എല്ലാ പ്രവാചകന്മാരുടെയും വെളിപാടുകളെ അദ്ദേഹം പൂർത്തീകരിച്ചു. മനുഷ്യന്റെ കഴിഞ്ഞ കാലത്തിലൂടെ തുറന്നതും, ഈ ലോകത്ത് അടിച്ചേൽപ്പിക്കുന്ന പരീക്ഷണങ്ങൾക്കും അപ്പുറത്ത്, ഇന്നും നാളെയും സുഖമായി കഴിയാവുന്ന ഒരു വാതായനം തുറന്നിട്ടിരിക്കുന്നു. നോക്കൂ ! മുസ്ലീം സമുദായത്തെ എങ്ങനെയാണ് വിശുദ്ധ പ്രവാചകൻ പഠിപ്പിച്ചതെന്ന് ? അതായത് ഏറ്റവും നല്ല വഴിയിലൂടെ അതിന്റെ മതവിശ്വാസത്തെ അദ്ദേഹം പഠിപ്പിച്ചു. അതായത് ഇസ്ലാം മത വിശ്വാസത്തിന്റെ കാതൽ മറ്റുള്ളവരുടെ മതവിശ്വാസങ്ങളെ ആദരിക്കുക എന്നതാണ്. സത്യസാക്ഷ്യം ഉരുവിടുന്നതിലൂടെ അതായത് ഇസ്ലാമിന്റെ പ്രഥമ സ്തംഭമായ കലിമ ഉരുവിടുന്നതിലൂടെ എല്ലാ പ്രവാചകന്മാരുടെയും പ്രവചനങ്ങളെ യാതൊരു വിവേചനവും കൂടാതെ അംഗീകരിക്കുകയും, ഉറപ്പിക്കുകയും ചെയ്യുകയാണ് ചെയ്യുന്നത് !

മൗറീഷ്യസിലായാലും ശരി, ഇവിടെ ഇംഗ്ലണ്ടിലായാലും ശരി, നമ്മുടെ സംസ്ക്കാരത്തിന്റെ വൈവിധ്യം ഫലഭൂയിഷ്ഠമാണ്. ; നമുക്ക് ഒന്നായി കഴിയാനും, നന്മയിൽ മത്സരിക്കുവാനും ഏറ്റവും നല്ല ഫലങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്. ഒരു നവലോക നിർമ്മിതിക്കായി ! നമുക്ക് അതിനുള്ള കഴിവുണ്ട്. അല്ലാഹു (ത) ഖുർ ആനിൽ പറഞ്ഞു. **"അല്ലാഹു ഇച്ഛരിച്ചിരുന്നുവെങ്കിൽ, അവൻ നിങ്ങളെ (എല്ലാവരെയും) ഒരേ സമുദായമാക്കുമായിരുന്നു. പക്ഷേ നിങ്ങൾക്ക് നൽകിയിട്ടുള്ളതുമുഖേന നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി (അങ്ങനെ ചെയ്തില്ല) അതിനാൽ സൽകാര്യങ്ങളിൽ അഹമഹമികയ മുന്നേറുക..."** (5:49)

എല്ലാ സ്തുതിയും അല്ലാഹുവിന് മാത്രമുള്ളതാകുന്നു ! അവൻ പ്രപഞ്ചത്തിന്റെ അധിപനാണ്. ! മുഹമ്മദ് മുസ്തഫ (സ) ടെ മേലും മറ്റെല്ലാ പ്രവാചകൻമാരുടെ മേലും അല്ലാഹുവിൽ നിന്നുള്ള സമാധാനവും അനുഗ്രഹവും ഉണ്ടാകട്ടെ ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************